പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഒരു സ്വതന്ത്ര ഏജൻസിയെ നിയമിക്കുക. ധനകാര്യവകുപ്പിൽ പ്രോജക്ട് ഫിനാൻസ് സെൽ സൃഷ്ടിക്കുക, കണ്ടിജൻസി ഫണ്ട് വർദ്ധിപ്പിക്കുക, പ്രോജക്ടുകൾക്കുള്ള ആശയം നൽകുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, പ്രോജക്ടുകൾക്ക് ധനം നൽകുക എന്നീ പ്രവർത്തനങ്ങൾക്കായുള്ള ഒരു അസറ്റ് മാനേജ്മെന്റ് കമ്പനിയായി കേരള ലോക്കൽ ഗവൺമെന്റ് ഡെവലപ്പ്മെന്റ് ഫണ്ടിനെ പരിഗണിക്കാനുള്ള സാധ്യത പരിശോധിക്കുക.

(ബി) റിപ്പോർട്ട് നടപ്പാക്കുന്നതിനായി ശുപാർശകൾ സമർപ്പിക്കാൻ നിയുക്തമായ സെക്രട്ടറിതല സമിതിയുടെ നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചു വരികയാണ്.

(സി) പൊതുധനമുപയോഗിച്ച് സ്വകാര്യ പങ്കാളിത്തത്തോടുകൂടി സ്വകാര്യ സംരംഭക ലാഭമുണ്ടാക്കാൻ ഉപയോഗിക്കുന്ന സംവിധാനമായിട്ടാണ് സർക്കാർ ഇതിനെ കാണുന്നത്. കേന്ദ്ര സർക്കാർ ഇതിലേക്കായി വയബിലിറ്റി ഗ്യാപ് ഫണ്ട് (VGF) അനുവദിക്കുമെങ്കിലും സംസ്ഥാന സർക്കാർ ഭീമമായ തുക (ഭൂമി ഏറ്റെടുക്കലിന്റെ വില, ഇക്വിറ്റി ഷെയർ) തുടങ്ങിയ ധനം ആവശ്യമായി വരുന്ന സാഹചര്യങ്ങളിലെല്ലാം ഇതിലേക്കായി നീക്കി വക്കേണ്ടിവരും. ഇത് സംസ്ഥാന സർക്കാരിന്റെ സാമൂഹിക മുൻഗണനാക്രമങ്ങളെയും ആസൂത്രണ പ്രക്രിയയെ തന്നെയും തകിടം മറിക്കുന്നതായിരിക്കും.

കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള PPP സെല്ലിൽ "വിദഗ്ദ്ധർ" പദ്ധതികളെ വിലയിരുത്തി സംസ്ഥാനത്തിനുള്ള ആസൂത്രണ സംവിധാനം വഴിയല്ലാതെ കേന്ദ്ര സർക്കാരിന് അയക്കുന്നത് സംസ്ഥാനത്തിന്റെ നിലവിലുള്ള ആസൂത്രണ പ്രക്രിയയ്ക്ക് ഹാനികരമാണ്. ആകയാൽ PPP അപേക്ഷകൾ എല്ലാംതന്നെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ വിലയിരുത്തലോടുകൂടി കേന്ദ്ര സർക്കാരിലേക്ക് അയക്കേണ്ടതാണ്. സംസ്ഥാനത്ത് പ്ലാനിംഗ് സെക്രട്ടറി നോഡൽ ഓഫീസറായി ഒരു PPP സെൽ നിലവിലുണ്ട്. അദ്ദേഹംതന്നെ പ്ലാനിംഗ് ബോർഡിന്റെ മെമ്പർ സെക്രട്ടറി കൂടിയായതിനാൽ PPP അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിന് യാതൊരുതടസ്സവുമില്ല.

കുടുംബ സെൻസസിൽനിന്നും വിദേശത്ത് ജോലി ചെയ്യുന്നവരെ ഒഴിവാക്കണമെന്ന വ്യവസ്ഥയും വിദേശ മലയാളി ക്ഷേമനിധിയും

3 (2451) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കുടുംബ സെൻസസിൽനിന്നും വിദേശത്ത് ജോലി ചെയ്യുന്നവരെ ഒഴിവാക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) വിദേശത്ത് ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി പ്രത്യേകമായ ഒരു സെൻസസ് നടത്താൻ തയ്യാറാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദേശ മലയാളി ക്ഷേമനിധിയിൽ ഇതുവരെ എത്രപേർ രജിസ്റ്റർ ചെയ്തുവെന്നും എത്ര സംഖ്യ അംശാദായം ലഭിച്ചുവെന്നും എത്ര രൂപ സർക്കാർ വിഹിതമായി നൽകിയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. വിദേശത്ത് ജോലി ചെയ്യുന്നവർ ജനസംഖ്യാ കണക്കെടുപ്പ് സമയത്ത് സ്വന്തം താമസ സ്ഥലത്തുണ്ടെങ്കിൽ അവരെയും കണക്കെടുപ്പിൽ ഉൾപ്പെടുത്തുന്നതാണ്.

(ബി) സെൻസസിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ തയ്യാറാക്കുന്നത് കേന്ദ്ര സർക്കാരാണ്. ഭരണഘടനയുടെ 258-ാം വകുപ്പ് പ്രകാരമുള്ള കേന്ദ്രസർക്കാരിന്റെ നിർവ്വഹണ ചുമതല മാത്രമേ സംസ്ഥാന സർക്കാർ വഹിക്കുന്നുള്ളൂ.

(സി) പ്രവാസി ക്ഷേമനിധിയിൽ 14-2-2011 വരെ 63,994 പ്രവാസി മലയാളികൾ അംഗത്വത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. 19-2-2011 വരെ 2,78,36,618 രൂപ അംശാദായമായി ലഭിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡിന്റെ പ്രാരംഭിക ചെലവുകൾക്കായി 10 ലക്ഷം രൂപയും 2.90 കോടി രൂപ കോർപ്പസ് ഫണ്ട് അഡ്വാൻസായും സർക്കാർ നൽകിയിട്ടുണ്ട്.

സംസ്ഥാന ശാസ്ത്ര സാങ്കേതിക ശാസ്ത്ര പരിസ്ഥിതി കൗൺസിൽ ശാസ്ത്ര ഗവേഷണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

4 (2455) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക ശാസ്ത്ര പരിസ്ഥിതി കൗൺസിൽ ശാസ്ത്ര ഗവേഷണത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് എന്തൊക്കെ പ്രോജക്ട് റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത് ;

(സി) ഇത്തരത്തിൽ ആരംഭിക്കുന്ന ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമാക്കുമെന്നാണ് ഉറപ്പാക്കിയിട്ടുള്ളത് ;

(ഡി) കൗൺസിൽ, ഗവേഷണത്തിലും വികസന പദ്ധതി നടത്തിപ്പിനുമായി സംസ്ഥാനത്തെ സർവ്വകലാശാലകളുമായി സഹകരിച്ച് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ശാസ്ത്ര ഗവേഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly